# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 10.07.2026** **TIME : 06.30 PM**

### പ്രധാന വാർത്തകൾ

1) ത്രിരാഷ്ട്ര പര്യടനത്തിൻറെ ഭാഗമായി ന്യൂസിലൻഡിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ഊഷ്മള വരവേൽപ്.
2) ഓപ്പറേഷൻ തൂഫാന് അഞ്ച് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ പൂർണ പിന്തുണ ഉറപ്പുനൽകിയതായി ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഡി ജി പി മാരുടെ യോഗം ഇന്ന് തിരുവനന്തപുരത്ത് ചേർന്നു.
3) വയനാട് കള്ളാടി മണ്ണിടിച്ചിൽ പ്രദേശത്ത് തിരച്ചിൽ ഇന്നും തുടർന്നു. ഇനി കണ്ടെത്താനുള്ളത് ഒരാളെ കൂടി
4) കശുവണ്ടി മേഖലയിലെ പ്രതിസന്ധിയിൽ ഇടപെടൽ ആവശ്യപ്പെട്ട് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമന് നിവേദനം സമർപ്പിച്ച് മന്ത്രി ഷിബു ബേബി ജോൺ.
5) സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു. എല്ലാ ജില്ലകളിലും ഇന്ന് മഞ്ഞ ജാഗ്രത. കേരളം കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.
6) ഫിഫ ലോകകപ്പ് ഫുട്ബോൾ രണ്ടാം ക്വാർട്ടർ ഫൈനലിൽ ഇന്ന് സ്പെയിൻ ബെൽജിയത്തെ നേരിടും.

പ്രധാനമന്ത്രി -ഓസ്ട്രേലിയ

ത്രിരാഷ്ട്ര പര്യടനം തുടരുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ന്യൂസിലൻഡിലെ ഓക്ലൻഡിലെത്തി. ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സൻറെ നേതൃത്വത്തിൽ ഊഷ്മളമായ വരവേൽപാണ് അദ്ദേഹത്തിന് ലഭിച്ചത്. ക്രിസ്റ്റഫർ ലക്സനുമായി നടത്തുന്ന കൂടിക്കാഴ്ചയിൽ വ്യാപാരം, വാണിജ്യം, പ്രതിരോധം തുടങ്ങിയ മേഖലകളിൽ ഇരുരാജ്യങ്ങളും കൈവരിച്ച നേട്ടങ്ങൾ നേതാക്കൾ അവലോകനം ചെയ്യും. ബിസിനസ്സ്, കായിക മേഖലകളിലെ പ്രമുഖരുമായും ശ്രീ മോദി കൂടിക്കാഴ്ച നടത്തും. ന്യൂസിലൻഡിലെ ഇന്ത്യൻ സമൂഹത്തെയും അദ്ദേഹം അഭിസംബോധന ചെയ്യും. ഓസ്ട്രേലിയ സന്ദർശനം വിജയകരമായി പൂർത്തിയാക്കിയാണ് പ്രധാനമന്ത്രി ന്യൂസിലൻഡിലെത്തിയത്. ഇരു രാജ്യങ്ങൾക്കുമിടയിലെ സഹകരണം പുതിയ മേഖലകളിലേക്ക് വ്യാപിപ്പിക്കാൻ സന്ദർശനം സഹായിച്ചതായി പ്രധാനമന്ത്രി പറഞ്ഞു.

## രമേശ് ചെന്നിത്തല (INTRO)

കേന്ദ്ര ഏജൻസികളെയും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ പോലീസ് സേനകളെയും കോർത്തിണക്കി ഓപ്പറേഷൻ തൂഫാൻറെ രണ്ടാം ഘട്ടം നടപ്പാക്കി, കേരളത്തെ പൂർണമായും ലഹരിമുക്തമാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന്

ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. അഞ്ച് സംസ്ഥാനങ്ങൾ തൂഫാന് പൂർണപിന്തുണ വാഗ്ദാനം ചെയ്തതായും തിരുവനന്തപുരത്ത് നടന്ന ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഡി ജി പി മാരുടെ യോഗത്തിന് ശേഷം അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. മറ്റു സംസ്ഥാനങ്ങളിലും ഇതിൻറെ ഭാഗമായി സംയുക്ത ഓപ്പറേഷൻ നടത്തുമെന്ന് മന്ത്രി അറിയിച്ചു.

( ഹോൾഡ് - ചെന്നിത്തല)

തമിഴ്നാട്, കർണാടക, പുതുച്ചേരി ഡിജിപിമാരും, കസ്റ്റംസ്, നർക്കോട്ടിക് കൺട്രോൾ ബ്യൂറോ തുടങ്ങി വിവിധ കേന്ദ്ര ഏജൻസികളിലെ ഉന്നത ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.

വയനാട് (ഇൻട്രോ)

വയനാട് മേപ്പാടി കള്ളാടി മണ്ണിടിച്ചിലിൽ കാണാതായ ഒരാൾക്കായുള്ള തെരച്ചിൽ പുരോഗമിക്കുന്നു. ഹിമാചൽ സ്വദേശി വിക്രം റാണയ്ക്കായുള്ള തെരച്ചിലാണ് മീനാക്ഷിപുഴയിൽ പുരോഗമിക്കുന്നത്. ഇന്ന് രാവിലെയോടെ ഒരാളുടെ മൃതദേഹം കണ്ടെത്തിയിരുന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാപ്രതിനിധി അരുൺ വിൻസെൻറ്.

(വോയിസ്)

**ഷിബു ബേബി ജോൺ**

കേരളത്തിലെ കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് ഇടപെടൽ അഭ്യർത്ഥിച്ച് മന്ത്രി ഷിബു ബേബി ജോൺ ഇന്ന് ന്യൂഡൽഹിയിൽ കേന്ദ്ര ധനമന്ത്രി നിർമല സീതാരാമനെ സന്ദർശിച്ചു. ആയിരക്കണക്കിന് തൊഴിലാളികളുടെയും സംരംഭകരുടെയും ജീവനോപാധി സംരക്ഷിക്കുന്നതിനായി പുനരുദ്ധാരണ പാക്കേജ് നടപ്പാക്കണമെന്ന് ആവശ്യപ്പെടുന്ന നിവേദനം ധനമന്ത്രിക്ക് കൈമാറി. പാക്കേജിന് തത്വത്തിൽ അംഗീകാരം ലഭിച്ചതായും, കേരളത്തിന്റെ ആവശ്യങ്ങൾ മന്ത്രി അനുഭാവപൂർവം പരിഗണിച്ചതായും ശ്രീ ഷിബു ബേബി ജോൺ പറഞ്ഞു.

**ബിന്ദു കൃഷ്ണ**

യുഎസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന കോറോ ഹെൽത്ത് കമ്പനിയുടെ കേരളത്തിലെ ഓഫീസുകളിൽ നിന്ന് 800ലേറെ ജീവനക്കാരെ പിരിച്ചുവിട്ട സംഭവത്തിൽ തൊഴിൽ മന്ത്രി ബിന്ദു കൃഷ്ണയുടെ നേതൃത്വത്തിൽ ഇന്ന് കൊച്ചിയിൽ നടന്ന യോഗം തീരുമാനമാകാതെ പിരിഞ്ഞു. വിഷയം ചർച്ച ചെയ്യാൻ ജൂലൈ 20ന് വീണ്ടും യോഗം ചേരും. കമ്പനി പൂട്ടാനുള്ള തീരുമാനം പുനഃപരിശോധിക്കണമെന്നും,

നിലവിലുള്ള ജീവനക്കാരെ നിലനിർത്തി തൽസ്ഥിതി തുടരണമെന്നും മന്ത്രി ആവശ്യപ്പെട്ടു. പ്രവർത്തനം തുടരാൻ ആവശ്യമായ എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്ത മന്ത്രി അനുകൂല സമീപനം ഉണ്ടായില്ലെങ്കിൽ കർശന നിയമനടപടികളിലേക്ക് നീങ്ങുമെന്ന് വ്യക്തമാക്കി.

❋❋❋❋❋❋❋❋❋❋❋❋❋

**വി ഡി സതീശൻ-മോഡൽ പാർലമെന്റ് 2026**

ജനാധിപത്യത്തിന്റെ ഏറ്റവും വലിയ സൗന്ദര്യം സംവാദങ്ങളിലും ചർച്ചകളിലുമാണെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. നിയമനിർമാണ സഭകളുടെ പ്രവർത്തനങ്ങൾ യുവതലമുറ കൃത്യമായി മനസിലാക്കേണ്ടത് അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു . സെക്രട്ടേറിയറ്റിലെ പഴയ നിയമസഭാ മന്ദിരത്തിൽ സംഘടിപ്പിച്ച യങ് ഇന്ത്യൻസ് മോഡൽ പാർലമെന്റ് 2026 ന് ആശംസ അറിയിക്കുകയായിരുന്നു അദ്ദേഹം. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി, യങ് ഇന്ത്യൻസ് തിരുവനന്തപുരം ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച യങ് ഇന്ത്യൻസ് പാർലമെന്റിന്റെ ഉദ്ഘാടനം സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവഹിച്ചു.

❋❋❋❋❋❋❋❋❋❋❋❋❋

**കോഴിക്കോട് റെയിൽവേ**

കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ കഴിഞ്ഞ ദിവസം ഇടിഞ്ഞുവീണ പഴക്കം ചെന്ന ക്ലോക്ക് ടവർ കെട്ടിടത്തിൻറെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനും, കെട്ടിടത്തിൻറെ ബാക്കി ഭാഗം പൊളിച്ചു നീക്കുന്നതിനുള്ള പ്രവൃത്തികൾ ഇന്നും തുടർന്നു. ഗതാഗത തടസം നീക്കിയെങ്കിലും രണ്ട്, മൂന്ന് പ്ലാറ്റ്ഫോമുകളുടെ സമീപമുള്ള ട്രാക്കിൽ ഗതാഗതം നിർത്തി വെച്ചു. സംഭവത്തിൽ റെയിൽവെ ഉദ്യോഗസ്ഥരോട് മനുഷ്യാവകാശ കമ്മീഷൻ വിശദീകരണം തേടിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങളിലെ അപകട സാധ്യതയുള്ള നിർമ്മിതികൾ പരിശോധിച്ച് മുൻകരുതൽ നടപടികൾ സ്വീകരിക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

**തിരുവനന്തപുരം തീപിടിത്തം**

തിരുവനന്തപുരം തമ്പാനൂർ ഹൈലാൻഡ് ഹോട്ടലിൽ തീപിടിത്തം. ഒന്നാമത്തെ നിലയിലാണ് തീ പിടിത്തമുണ്ടായത്. ആളപായം റിപ്പോർട്ട് ചെയ്ട്ടില്ല. അഗ്നിരക്ഷാ സേനയെത്തി തീ നിയന്ത്രണ വിധേയമാക്കി. തീ പിടിത്തത്തിൻറെ കാരണം വ്യക്തമല്ല. താമസക്കാരെ അടിയന്തരമായി ഒഴിപ്പിച്ചതിനാൽ വൻ ദുരന്തമാണ് ഒഴിവായത്..

**കൊച്ചി –എം.ഡി.എം.എ വേട്ട**

ഓപ്പറേഷൻ തൂഫാൻറെ ഭാഗമായി നടന്ന പരിശോധനയിൽ കൊച്ചി വാഴക്കാലയിലെ അപ്പാർട്ട്മെൻറിൽ നിന്നും 387 ഗ്രാം എം.ഡി.എം.എയുമായി ജിം ട്രെയിനർ പിടിയിൽ . ആലുവ എടത്തല സ്വദേശി മുഹമ്മദ് സാദിഖ് ആണ് പിടിയിലായത്.

❋❋❋❋❋❋❋❋❋❋❋❋❋

**മഴ**

സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു. എല്ലാ ജില്ലകളിലും കേന്ദ്രകാലാവസ്ഥാ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരളം - കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. മഴയ്ക്കൊപ്പം ഇടിമിന്നലിനും, ശക്തമായ കാറ്റിനും സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം. നാളെ മുതൽ 14 വരെ നേരിയ മഴയ്ക്കാണ് സാധ്യതയെന്നും കാലാവസ്ഥാ വിഭാഗം അറിയിച്ചു.

❋❋❋❋❋❋❋❋❋❋❋❋❋

**അരുവിക്കര -ഷട്ടറുകൾ ഉയർത്തി**

ശക്തമായ നീരൊഴുക്കിനെ തുടർന്ന് തിരുവനന്തപുരം അരുവിക്കര ഡാമിൻറെ രണ്ട് മുതൽ അഞ്ച് വരെയുള്ള ഷട്ടറുകൾ 10 സെ.മീ വീതം ഉയർത്തി. സമീപവാസികളും, നദിയുടെ ഇരുകരകളിലും

താമസിക്കുന്നവരും ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

❋❋❋❋❋❋❋❋❋❋❋❋❋

**പൂമല ഡാം-തൃശ്ശൂർ**

തൃശൂർ പൂമല ഡാമിലെ ജലവിതാനം ഉയരുന്ന സാഹചര്യത്തിൽ ഡാമിൻറെ ഷട്ടറുകൾ ഇന്ന് ഉച്ചയോടെ തുറന്നു. മലവായ തോടിൻറെ ഇരുവശങ്ങളിലും താമസിക്കുന്നവരും മുളങ്കുന്നത്തുകാവ്, കോലഴി പഞ്ചായത്ത് നിവാസികളും അതീവ ജാഗ്രത പുലർത്തണമെന്ന് ജില്ലാ കളക്ടർ നിർദ്ദേശിച്ചു.

❋❋❋❋❋❋❋❋❋❋❋❋❋

**കാരാപ്പുഴ അണക്കെട്ട് - വയനാട്**

കാലവർഷ മഴക്കാല മുന്നൊരുക്കത്തിൻ്റെ ഭാഗമായി വയനാട് കാരാപ്പുഴ അണക്കെട്ടിന്റെ മൂന്ന് ഷട്ടറുകൾ നാളെ രാവിലെ 11 മണിക്ക് തുറക്കും. പുഴയിലെ ജലനിരപ്പ് ഉയരാൻ സാധ്യതയുള്ളതിനാൽ കാരാപ്പുഴയുടെ തീരങ്ങളിൽ താമസിക്കുന്നവർ അതീവ ജാഗ്രത പാലിക്കണം.

❋❋❋❋❋❋❋❋❋❋❋❋❋

**ഫിഫ ലോകകപ്പ് ഫുട്ബോൾ**

ഫിഫ ലോകകപ്പ് ഫുട്ബോൾ രണ്ടാം ക്വാർട്ടർ ഫൈനലിൽ ഇന്ന് രാത്രി 12.30 ന് സ്പെയിൻ ബെൽജിയത്തെ നേരിടും. യൂറോപ്യൻ കരുത്തരായ ഇരു ടീമുകളും നേർക്കുനേർ വരുന്ന പോരാട്ടമാണ് ഇന്നത്തേത്. ആദ്യ ക്വാർട്ടറിൽ മൊറോക്കോയെ പരാജയപ്പെടുത്തി ഫ്രാൻസ് സെമിയിൽ

പ്രവേശിച്ചു. ഞായറാഴ്ചയാണ് നോർവേ-ഇംഗ്ലണ്ട്, അർജൻറീന- സ്വിറ്റ്സർലൻറ് ക്വാർട്ടർ ഫൈനൽ മത്സരങ്ങൾ.

**കേരള ക്രിക്കറ്റ് ലീഗ് താരലേലം**

കേരള ക്രിക്കറ്റ് ലീഗിൻറെ താരലേലം തിരുവനന്തപുരത്ത് നാളെ നടക്കും. 156 താരങ്ങളെയാണ് ലേലത്തിനായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഓരോ ടീമിനും പരമാവധി 50 ലക്ഷം രൂപയാണ് ചെലവാക്കാനാവുക.

**Editor: ANILA B. , Source: PTC TVM, CNRT:ANJANA M.S. , Reader: GOPAKUMAR V. , DEO: LAILA V.**

**TIME:**18:30 **DATE:**2026-07-10

**ഓഹരി + സ്വർണം**

രാജ്യത്തെ ഓഹരിവിപണികളിൽ നേട്ടം. സെൻസെക്സ് 828 പോയിന്റ് ഉയർന്ന് 77,569 ലും നിഫ്റ്റി 244 പോയിന്റ് നേട്ടത്തിൽ 24,207 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവില കൂടി. പവന് 280 രൂപ ഉയർന്ന് ഒരു ലക്ഷത്തി 6,200 രൂപയും ഗ്രാമിന് 13,275 രൂപയുമാണ് ഇന്നത്തെവില.

❁❁❁❁❁❁❁❁❁❁❁❁❁

**അനസ്തേഷ്യ നൽകുന്നതിലെ പിഴവ്**

കണ്ണൂർ പയ്യന്നൂരിലെ സ്വകാര്യ ആശുപത്രിയിൽ അനസ്തേഷ്യ നൽകുന്നതിൽ പിഴവുസംഭവിച്ച് ഗുരുതരാവസ്ഥയിൽ ആയ കുട്ടിയുടെ ആരോഗ്യനില മാറ്റമില്ലാതെ തുടരുന്നു. സംഭവത്തിൽ പയ്യന്നൂർ പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു. മുഖത്ത് ഉണ്ടായ ചെറിയ മുറിവ് ചികിത്സിക്കാൻ എത്തിയ ഒന്നര വയസ്സുള്ള കുട്ടിക്ക് ഡോക്ടറുടെ നിർദ്ദേശത്തോടെ അനസ്തേഷ്യ നൽകുകയായിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

**തൃശൂരിൽ വൻ കഞ്ചാവ് വേട്ട**

തൃശൂരിൽ വൻ കഞ്ചാവ് വേട്ട. 12 കിലോ കഞ്ചാവുമായി ഒഡീഷ സ്വദേശികളായ രണ്ട് പേരെ തൃശൂർ എക്സൈസ് സംഘം അറസ്റ്റ് ചെയ്തു.

❁❁❁❁❁❁❁❁❁❁❁❁❁

**സെൻസസ്**

സെൻസസ് 2027 ന്റെ ഭാഗമായുള്ള വിവരണശേഖരണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ഈ മാസം 30 വരെ തുടരും. ജൂലൈ ഒന്നു മുതൽ ആണ് എന്യൂമറേറ്റർമാർ വീടുകൾ സന്ദർശിച്ച് വിവരശേഖരണം തുടങ്ങിയത്. വീടുകളുടെ സെൻസസും പട്ടികപ്പെടുത്തലുമാണ് ഈ ഘട്ടത്തിൽ നടക്കുന്നത്. അടുത്ത വർഷം ഫെബ്രുവരിയിലാണ് ജനസംഖ്യ കണക്കെടുപ്പ് നടക്കുക.